## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 1758 — 04.10.2016- ൽ മറുപടിയ്ക്ക്

### സഹകരണ മേഖലയിലെ നിക്ഷേപം

**ചോദ്യം**
**ശ്രീ. ഐ.സി.ബാലകൃഷ്ണൻ**
**" ഷാഫി പറമ്പിൽ**
**" അടൂർ പ്രകാശ്**
**"വി.എസ്.ശിവകുമാർ**

**മറുപടി**
**ശ്രീ. എ.സി.മൊയ്തീൻ**
(സഹകരണവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| എ) | സഹകരണ മേഖലയിലെ നിക്ഷേപ രംഗത്തെ ഉണർവ്വിനായി എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ; | (എ) | നിക്ഷേപരംഗത്തെ ഉണർവ്വിനായി സഹകരണ മേഖലയിലെ നിക്ഷേപങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പാക്കിയിട്ടുണ്ട്. (നിക്ഷേപങ്ങൾക്ക് പരമാവധി 1.50 ലക്ഷം രൂപ) ആവശ്യമായ സന്ദർഭങ്ങളിൽ നിക്ഷേപ സമാഹരണ യജ്ഞം സംഘടിപ്പിക്കുന്നതുമാണ്. |
| ബി) | ഇതിനുവേണ്ടി നിക്ഷേപ സമാഹരണ യജ്ഞം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; | (ബി) | ഉണ്ട്. |
| സി) | നിക്ഷേപ സമാഹരണ യജ്ഞത്തിലൂടെ കഴിഞ്ഞ സർക്കാർ എത്ര കോടി രൂപയുടെ അധിക നിക്ഷേപം സ്വരൂപിച്ചിട്ടുണ്ട്; | (സി) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 5 നിക്ഷേപ സമാഹരണ യജ്ഞങ്ങളിലൂടെ 29837.02 കോടി രൂപ സമാഹരിച്ചിട്ടുണ്ട്. |
| ഡി) | സഹകരണ സ്ഥാപനങ്ങളിലെ ആകെ നിക്ഷേപം ഇപ്പോൾ എത്ര കോടി രൂപയാണെന്ന് വ്യക്തമാക്കുമോ? | (ഡി) | പ്രാഥമിക സഹകരണ സംഘങ്ങളിൽ/ ബാങ്കുകളിൽ 1,20,905.71 കോടിയും ജില്ലാ സഹകരണ ബാങ്കുകളിൽ 57404.52 കോടിയും സംസ്ഥാന സഹകരണ ബാങ്കിൽ 5125.67 കോടിയും ഉൾപ്പെടെ സംസ്ഥാനത്ത് സഹകരണ സ്ഥാപനങ്ങളിലെ ആകെ നിക്ഷേപം 1,83,435.90 കോടി രൂപയുടേതാണ്. എന്നാൽ ജില്ലാ സഹകരണ ബാങ്കുകളുടെ ടി നിക്ഷേപ ബാക്കിനിൽപ്പിൽ 40767.25 കോടി രൂപ പ്രാഥമിക സഹകരണ സംഘങ്ങൾ നടത്തിയിട്ടുള്ള നിക്ഷേപവും സംസ്ഥാന സഹകരണ ബാങ്കിന്റെ ടി നിക്ഷേപ ബാക്കി നിൽപ്പിൽ 4854.80 കോടി രൂപ ജില്ലാ |

സഹകരണ ബാങ്കുകൾ നടത്തിയിട്ടുള്ള നിക്ഷേപവുമാണ്. ആയത് പരഗണിക്കുമ്പോൾ സംസ്ഥാനത്തെ സഹകരണ മേഖലയിൽ ഇപ്പോൾ 1,37,813.85 കോടി രൂപയുടെ അറ്റ നിക്ഷേപമാണുള്ളത്.

**സെക്ഷൻ ഓഫീസർ**